പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 6335 — 11.07.2012-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങളും വായ്പയും ലഭ്യമാക്കുന്നതിനുള്ള പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ബെന്നി ബെഹനാൻ<br>,, ജോസഫ് വാഴക്കൻ<br>,, സി. പി. മുഹമ്മദ്<br>,, റ്റി. എൻ. പ്രതാപൻ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങളും ആവശ്യമായ വായ്പയും ലഭ്യമാക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതി ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിൽ വരുത്തിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയുടെ കീഴിലാണ് പ്രസ്തുത പ്രവൃത്തികൾ ഇപ്പോൾ നടന്നുവരുന്നത്; | (എ) | മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങളും ആവശ്യമായ വായ്പയും ലഭ്യമാക്കുന്നതിനുള്ള പദ്ധതി ദേശീയ സഹകരണ വികസന കോർപ്പറേഷൻ, ദേശീയ ന്യൂനപക്ഷ വികസന കോർപ്പറേഷൻ, ദേശീയ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ എന്നിവയുടെ ധനസഹായത്തോടെ മത്സ്യഫെഡ് നടപ്പിലാക്കി വരുന്നു. |
| (ബി) | നിർദ്ധനരായ മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ തുക പ്രസ്തുത ഏജൻസി വഴി വായ്പയായി നൽകുന്നതിനെ കുറിച്ച് എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) | നിർധനരായ മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ തുക എൻ.ബി.സി.എഫ്.ഡി.സി/എൻ.എം.ഡി.എഫ്.സി. എന്നീ ഏജൻസികൾ വഴി വായ്പയായി നൽകുന്നതിനായി ഈ ഏജൻസികളുമായി ചർച്ച നടത്തിയിട്ടുണ്ട്. |
| (സി) | മത്സ്യഫെഡ് എൻ.സി.ഡി.സി. സഹായത്തോടെ മത്സ്യവിപണന സംവിധാനങ്ങൾ വിപുലീകരിക്കുന്നതിന് ആവശ്യമായ വായ്പ ലഭ്യമാക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ? | (സി) | ഉണ്ട്.<br>**1.** മത്സ്യ വിപണനത്തിന് പ്രവർത്തന മൂലധനം - **312** ലക്ഷം രൂപ<br>**2.** മത്സ്യ വിപണനത്തിന് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി - **168** ലക്ഷം രൂപ<br>**3.** ഓഫീസ്-കം-ഗോഡൗൺ (**10** സംഘങ്ങൾക്കും **2** ജില്ലാ ഓഫീസുകൾക്കും) - **218.50** ലക്ഷം രൂപ |

സെക്ഷൻ ഓഫീസർ